# PREFACE

*The* **‘FOCUS’** *is published by the Kerala Legislature Secretariat for the use of the members of the Kerala Legislative Assembly. It is a digest containing articles and excerpts from books on subjects of current intellectual, political, social and cultural interest, news, reports of the commissions and committees and reviews of books. The views expressed therein are those of the authors and do not necessarily reflect the views of the Kerala Legislature Secretariat.*

*Materials reproduced from other sources may not be republished in any form. Inquiries regarding permission for publication may be addressed directly to the sources cited.*

`

***V.K. BABU PRAKASH,***
***SECRETARY,***
***KERALA LEGISLATIVE ASSEMBLY.***

# CONTENTS

VOL. XLVIII | August 2018 | No. 08


| | ARTICLES | Page |
|---|---|---|
| ഡോ. കെ.ജി. താര | മുങ്ങുന്ന കേരളം; മുക്കുന്നതാര് ?<br>[മാധ്യമം, ആഗസ്റ്റ് 27, 2018] | 1-9 |
| ഇന്ദുശേഖർ കെ.എസ്. | സംവാദങ്ങളുടെ ജനാധിപത്യോത്സവം<br>[സമകാലിക ജനപഥം, ആഗസ്റ്റ്, 2018] | 10-16 |
| R. Ramachandran | Higher Education in Peril<br>[Frontline, 17 August, 2018] | 17-26 |
| V. Mohan Rao | The Oil Crises in India and the Impact of<br>U.S. Sanctions on Iran<br>[Southern Economist, 15 August, 2018] | 27-30 |
| | **BOOK REVIEW** | |
| Shivshankar Menon | The China Dossier<br>“INDIA-CHINA RELATIONS<br>1947-2000: A Documentary Study,<br>Vols I- V” Edited by A.S. Bhasin<br>[India Today, 6 August, 2018] | 31-34 |
| | **LEGISLATIVE BUSINESS** | |
| | Resume of Business-3rd Session of the<br>4th Uttarakhand Legislative Assembly | 35-38 |

FOCUS



# മുങ്ങുന്ന കേരളം; മുക്കുന്നതാര് ?

**ഡോ. കെ. ജി. താര**

"നോഹയുടെ ആയുസ്സിന്റെ അറുനൂറാം സംവത്സരത്തിന്റെ രണ്ടാം മാസം 17-ാം തീയതി, ആഴിയുടെ ഉറവുകൾ ഒക്കെയും പിളർന്ന്, ആകാശത്തിന്റെ കിളിവാതിലുകൾ തുറന്ന് മഴ പെയ്തു."

ഹീബ്രു ഭാഷയിൽ എഴുതിയ ആദ്യത്തെ ഉൽപ്പത്തി പുസ്തകത്തിൽ, വെള്ളപ്പൊക്കത്തിന്റെ വർണന തുടങ്ങുന്നത് മേൽപറഞ്ഞ വരികളിലൂടെയാണ്. ഹിന്ദു ഐതിഹ്യങ്ങളിലെ മത്സ്യപുരാണത്തിലും സകല ജീവജാലങ്ങളെയും നശിപ്പിക്കുന്ന വലിയ വെള്ളപ്പൊക്കം ഉണ്ടായതായി പറയുന്നു. ഗ്രീക്ക്, ബാബിലോണിയൻ ഐതീഹ്യങ്ങളിലും റഷ്യ, കിഴക്കൻ ആഫ്രിക്ക, ആസ്ട്രേലിയ, ചൈന തുടങ്ങിയ ലോകത്തിലെ പല രാജ്യങ്ങളിലെ പഴങ്കഥകളിലും ഇതുപോലെ നാശം വിതക്കുന്ന വെള്ളപ്പൊക്കത്തിന്റെ സാന്നിധ്യമുണ്ട്. കൗതുകമുണർത്തുന്ന ഒരു കാര്യം, എല്ലാ കഥകളിലും ഐതീഹ്യങ്ങളിലും ദുഷ്ടരായ മനുഷ്യരുടെ ചെയ്തികൾക്കുള്ള ശിക്ഷ എന്ന നിലയിലാണ് ദൈവം സകല ജീവജാലങ്ങളെയും പ്രളയജലത്തിൽ മുക്കുന്നത്.

2005 -ൽ മുംബൈയിൽ, 2015-ൽ ചെന്നൈയിൽ, 2014-ൽ ജമ്മു-കാശ്മീരിലും പാകിസ്താനിലും ഉണ്ടായ വെള്ളപ്പൊക്കങ്ങൾ അവസാന യാത്രയിലേക്കുള്ള ചൂണ്ടുപലകകളാണോ?

## ദുരിതം വിതച്ച വെള്ളപ്പൊക്കങ്ങൾ

1931-ൽ, ചൈനയിലുണ്ടായ വെള്ളപ്പൊക്കമാണ് കഴിഞ്ഞ നൂറ്റാണ്ടിൽ മനുഷ്യരാശി കണ്ട ഏറ്റവും നാശം വിതച്ച സംഭവം. 40 ലക്ഷത്തോളം പേരാണ് അന്ന് ചൈനയിൽ മരിച്ചത്. 1971-ൽ, വടക്കൻ വിയറ്റ്നാമിലെ ഹാനോയിയിലെ 'ചുവന്ന നദി'യിൽ ഒരു ലക്ഷം പേർ, 1950 ൽ പാകിസ്താനിൽ 2910 പേർ.... വെള്ളപ്പൊക്ക മരണങ്ങളുടെ കണക്ക് പിന്നെയും തുടരുകയാണ്.

2005 ജൂലൈ 26-ന് മുംബൈയിലുണ്ടായ വെള്ളപ്പൊക്കം ഇന്ത്യയിലെ വാണിജ്യ നഗരത്തെ അക്ഷരാർഥത്തിൽ പിടിച്ചുലച്ചു. 24 മണിക്കൂറിനിടെ,



39 ഇഞ്ച് മഴയാണ് പെയ്തത്! റോഡിലൂടെ നടന്നുപോയ പലരെയും ആൾ നൂഴിയിലേക്ക് (മാൻഹോൾ) വീണ് കാണാതായി. സ്വമേധയാ അടയുന്ന ഗ്ലാസ് ചില്ലുകളുള്ള കാറിനകത്തുപെട്ട് 16 പേർ മരിച്ചു. മൊത്തം 1094 പേർ മരിച്ചുവെന്നാണ് ഔദ്യോഗിക കണക്ക്. എന്നാൽ, ഇതിലുമെത്രയോ അധികം പേർ മരണത്തിന് കീഴടങ്ങിയെന്ന് പല റിപ്പോർട്ടുകളും സാക്ഷ്യപ്പെടുത്തുന്നു. ദിവസേന, 75 ലക്ഷത്തോളം പേർ പലയിടത്തുനിന്നും നഗരിയിലേക്കും നഗരത്തിൽനിന്ന് പുറത്തേക്കും യാത്ര ചെയ്യുന്ന ഈ മഹാനഗരത്തിൽ എത്ര പേരെ കാണാതായി എന്നതിന് എന്തു കണക്കാണ് കാണിക്കാനാവുക?

2016-ൽ, അസമിലുണ്ടായ വെള്ളപ്പൊക്കത്തിൽ 18 ലക്ഷത്തോളം പേർ മരിച്ചതിനുപുറമേ, മറ്റൊരു വലിയ ദുരന്തം കൂടിയുണ്ടായി. കാസിരംഗ ദേശീയ പാർക്കിലെ 200 ഓളം വന്യജീവികൾ ശ്വാസംമുട്ടി മരിച്ചു. 481 ചതുരശ്ര കിലോ മീറ്റർ വ്യാപിച്ചുകിടക്കുന്ന നാഷണൽ പാർക്കിന്റെ ഏകദേശം 80 ശതമാനവും വെള്ളത്തിനടിയിലായി. നീർക്കുതിരകളും നൂറുകണക്കിന് മാനുകളും ആനകൾ, കരടി, മുള്ളൻ പന്നി തുടങ്ങി നൂറ്റിനാൽപതോളം മൃഗങ്ങൾ എന്നിവ മനുഷ്യൻ കെട്ടിയുണ്ടാക്കിയ ഇരുമ്പുകൂടുകളിൽ നിസ്സഹായരായി പിടഞ്ഞു മരിച്ചു.

അസമിൽ 2016-ൽ ഉണ്ടായ വെള്ളപ്പൊക്കം 2,13,251 ഹെക്ടർ കൃഷിഭൂമിയാണ് തകർത്തെറിഞ്ഞത്. കൃഷി ഉപേക്ഷിച്ച് ജീവിതവൃത്തിക്കായി പലരും ബീഡിതെറുപ്പിലേക്കും മറ്റും തിരിഞ്ഞു. കുടുംബം പോറ്റാൻ അഞ്ചിനും 14-നും ഇടയ്ക്കുള്ള പ്രായമുള്ള 15,000 കുട്ടികൾ പഠനം ഉപേക്ഷിച്ച് അപകടം നിറഞ്ഞ വ്യവസായശാലകളിൽ പണിക്കു പോകാൻ നിർബന്ധിതരായി.

അസമിലേതിന് സമാനമായ ഒരു സംഭവം 2015-ൽ ഗുജറാത്തിലെ സൗരാഷ്ട്ര പ്രദേശത്ത് ഉണ്ടായി. മൂന്നു ദിവസം കൊണ്ട് പെയ്ത 816 മില്ലി മീറ്റർ മഴയിൽ എഴുപതോളം മനുഷ്യജീവൻ നഷ്ടപ്പെട്ടതിന് പുറമേ, ഗീർ ദേശീയ പാർക്കിന്റെ സമീപ പ്രദേശങ്ങളിലും വെള്ളം കയറിയപ്പോൾ മൂന്നുമാസം പ്രായമായ സിംഹക്കുഞ്ഞ് ഉൾപ്പെടെ പത്തോളം സിംഹങ്ങളും മറ്റ് മൃഗങ്ങളും ചത്തുപോയി.



**കണക്കും കാര്യവും**

1976-ൽ രൂപവത്കൃതമായ ദേശീയ വെള്ളപ്പൊക്ക കമീഷൻ, 1980 ൽ സമർപ്പിച്ച റിപ്പോർട്ടിലും, 2016 ലെ ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെ റിപ്പോർട്ടിലും പറയുന്നത്, ഇന്ത്യയിൽ ഏകദേശം 40 മില്യൻ ഹെക്ടർ സ്ഥലം (അതായത് മൊത്തം ഭൂവിസ്തൃതിയുടെ 12 ശതമാനം) വെള്ളപ്പൊക്ക പ്രദേശമാണെന്നാണ്. ഉത്തർപ്രദേശ്, ബീഹാർ, പശ്ചിമ ബംഗാൾ, അസം തുടങ്ങിയ സംസ്ഥാനങ്ങളിൽ ഗംഗ, ബ്രഹ്മപുത്ര നദീതടങ്ങളിലാണ് ഏറ്റവും വെള്ളപ്പൊക്ക ഭീഷണിയുണ്ടായിരുന്നതെന്നാണ് ഈ റിപ്പോർട്ടിൽ പറയുന്നത്. നിലവിലുള്ള വെള്ളപ്പൊക്ക നിവാരണ മാർഗ്ഗങ്ങളുടെ അവലോകനം, റോഡ്, റെയിൽവേപ്പാതകൾ, തുടങ്ങിയവയുടെ നിർമാണം വെള്ളപ്പൊക്കത്തിനു കാരണമാവുന്നുണ്ടോ, ഉണ്ടെങ്കിൽ അവ പരിഹരിക്കാനുള്ള നിർദേശങ്ങൾ, ഇതുവരെയുണ്ടായ വെള്ളപ്പൊക്കങ്ങളുടെ നാശനഷ്ടക്കണക്ക്, വെള്ളപ്പൊക്ക പ്രതിരോധ ശേഷി മെച്ചപ്പെടുത്താനുള്ള മാർഗങ്ങൾ തുടങ്ങി ഇരുനൂറ്റി ഏഴോളം നിർദേശങ്ങൾ ഈ റിപ്പോർട്ടിലുണ്ട്.

എന്നാൽ, ആഭ്യന്തര മന്ത്രാലയം ഈയിടെ ഇറക്കിയ വെള്ളപ്പൊക്ക സാധ്യതാ സൂചികയനുസരിച്ച് മേൽപ്പറഞ്ഞ സംസ്ഥാനങ്ങൾക്ക് പകരം ആന്ധ്രാപ്രദേശ്, ഗുജറാത്ത്, കേരളം തുടങ്ങി പല പുതിയ പേരുകളും പട്ടികയിൽ കടന്നുവന്നിട്ടുണ്ട്. ഇപ്പോഴത്തെ സ്ഥിതിവിവരക്കണക്ക് പ്രകാരം പഞ്ചാബ് ആണ് ഏറ്റവും വെള്ളപ്പൊക്ക സാധ്യതയുള്ള സംസ്ഥാനം. 1950 നും 2016 നും ഇടയിലുള്ള വെള്ളപ്പൊക്കങ്ങളുടെ കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയത് ലോകത്തിൽ ഏറ്റവും വെള്ളപ്പൊക്ക സാധ്യതയുള്ള രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ എന്നാണ്. ഇവിടെ ഏകദേശം 32 മില്യൺ ആളുകൾ വർഷംപ്രതി മരിക്കുന്നുവെന്നാണ് ഐക്യരാഷ്ട്രസഭയുടെ കണക്ക്. വെള്ളപ്പൊക്കം ഏറ്റവും കൂടുതൽ ദുരന്തം വിതക്കാൻ സാധ്യതയുള്ള പത്ത് സംസ്ഥാനങ്ങൾ, ആഘാതത്തിന്റെ തോത് അനുസരിച്ച് പഞ്ചാബ്, പശ്ചിമബംഗാൾ, ബീഹാർ, ഉത്തർപ്രദേശ്, ആന്ധ്ര, ഹരിയാന, കേരളം, അസം, ഗുജറാത്ത്, ഒഡീഷ എന്നിവയാണ്. കേരളം ഏഴാം സ്ഥാനത്താണ്.



**കേരളത്തിന്റെ കഥ**

കൊല്ലവർഷം 1099 ൽ ഉണ്ടായതാണ് ഓർമയിൽ ഏറ്റവും ദുരന്തം വിതച്ച വെള്ളപ്പൊക്കം. കൊടുങ്ങല്ലൂർ നഗരസഭ വൈസ് ചെയർപേഴ്സൺ ആയിരുന്ന ഷീയ രാജ്കമലിന്റെ ആനാപ്പുഴയിലെ വീട്ടിൽ അന്നുണ്ടായ പ്രളയജലത്തിന്റെ ഉയരം മുൻവശത്തെ ഭിത്തിയിൽ അടയാളപ്പെടുത്തി വെച്ചിട്ടുണ്ട്. 12 അടി ഉയരത്തിൽ അന്ന് വെള്ളം പൊങ്ങി.

2016–ലെ സംസ്ഥാന ദുരന്തനിവാരണ പ്ലാനിൽ പറയുന്നത് 14.8 ശതമാനം ഭൂവിഭാഗവും പ്രളയഭീഷണിയിലാണ് എന്നതാണ്. ഇപ്പോഴുണ്ടായ മഴയിലും വെള്ളപ്പൊക്കത്തിലും മരണപ്പെട്ടവരുടെ എണ്ണം 40 കടന്നിരിക്കുന്നു. കാർഷികമേഖലയിലെയും മറ്റും കെടുതികൾ 8316 കോടിയെന്നാണ് കണക്കാക്കിയിരിക്കുന്നത്. പതിനായിരങ്ങൾ ദുരിതാശ്വാസക്യാമ്പുകളിലാണ്. കുടിക്കാൻ ശുദ്ധമായ വെള്ളംപോലും കിട്ടാതെ ആലപ്പുഴയിലും മറ്റും ആയിരക്കണക്കിന് കുടുംബങ്ങൾ പ്രയാസപ്പെടുന്നു. കഷ്ടപ്പെട്ട് സമ്പാദിച്ചവയെല്ലാം ഉപേക്ഷിക്കേണ്ട അവസ്ഥ. കുട്ടികളുടെ പാഠപുസ്തകങ്ങളും റേഷൻ കാർഡ് ഉൾപ്പെടെയുള്ള വിലപിടിപ്പുള്ള രേഖകളും പലർക്കും നഷ്ടപ്പെട്ടു.

രണ്ട് ദശാബ്ദങ്ങളുടെ കാലയളവിലെ ഏറ്റവും വലിയ വെള്ളപ്പൊക്കത്തിനാണ് കുട്ടനാട് സാക്ഷ്യംവഹിച്ചത്. കൈനകരി പഞ്ചായത്തിലെ 36 വയസ്സുകാരൻ മേൽക്കൂരയുടെ മുകളിൽ കട്ടിലിൽ ബന്ധിച്ച്, ഒന്നോ, രണ്ടോ ആഴ്ച കഴിയേണ്ടിവന്ന ദുരവസ്ഥ വാർത്തകളിൽ നിറഞ്ഞിരുന്നു. ആ യുവാവ് മാത്രമല്ല, 2200 കുടുംബങ്ങളും ഏകദേശം ഇതേ ദുരവസ്ഥയിലായിരുന്നു. ഫോൺബന്ധങ്ങളോ വൈദ്യുതിയോ ഇല്ലാതെ, സഹായവുമായി എത്തുന്ന റവന്യൂ അധികാരികളെ കാത്ത് മണിക്കൂറുകൾ. ബോട്ടിൽ കൊണ്ടുചെന്നെത്തിച്ച ഒരു കലം വെള്ളത്തിൽ, കുടുംബത്തിലെ അഞ്ചോ ആറോ അംഗങ്ങൾ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്ന അവസ്ഥ!

ദുരിതങ്ങൾ ഒഴിയുന്നില്ല. 1901 നും 2015 നും ഇടയിൽ മഴയുടെ അളവിൽ മൂന്നിരട്ടി വർധനയാണ് ഉണ്ടായത് എന്ന് കാലാവസ്ഥ വ്യതിയാന പഠനങ്ങൾ



പറയുന്നു. മഴ അനുഗ്രഹമാണ്. പക്ഷേ, കേരളംപോലെ പാരിസ്ഥിതികമായി ദുർബലമായ ഒരു സംസ്ഥാനം ഒരുപാട് ചിന്തിച്ച് വികസന പദ്ധതികൾ തയാറാക്കിയില്ലെങ്കിൽ ഇനി വരുന്ന വെള്ളപ്പൊക്കത്തിൽ എല്ലാം നഷ്ടപ്പെട്ടേക്കാം. വാസ്തവത്തിൽ മഴ അല്ല പ്രശ്നം. പെയ്യുന്ന മഴയെ ശാസ്ത്രീയമായി എങ്ങനെ ഉയോഗപ്പെടുത്താം എന്നുൾക്കൊണ്ട് ശരിയായ ദുരന്തനിവാരണവും പരിസ്ഥിതി സൗഹൃദമായ വികസനനയങ്ങളും നടപ്പിലാക്കുക എന്നതാണ് പ്രധാനം.

**വെല്ലുവിളികൾ**

**തയ്യാറാകാത്ത വെള്ളപ്പൊക്ക മാനേജ്മെന്റ് മാസ്റ്റർ പ്ലാനുകൾ** : കംപ്ട്രോളർ-ഓഡിറ്റർ ജനറലിന്റെ 2017-ലെ അവലോകന റിപ്പോർട്ടിൽ വെള്ളപ്പൊക്ക നിയന്ത്രണം, മുന്നറിയിപ്പ് എന്നീ രംഗങ്ങളിലെ പോരായ്മകൾ വിശദമായി പറയുന്നുണ്ട്. രാജ്യത്തെ 206 വെള്ളപ്പൊക്ക മാനേജ്മെന്റ് പ്രോജക്ടുകളും 38 മുന്നറിയിപ്പ് കേന്ദ്രങ്ങളും 49 നദീ സംരക്ഷണ പദ്ധതികൾ, വിവിധ സംസ്ഥാനങ്ങളിലെ 68 വലിയ അണക്കെട്ടുകൾ എന്നിവയും വിശദമായി പഠിച്ച് തയാറാക്കിയ ഈ റിപ്പോർട്ടിൽ, കേരളം ഉൾപ്പെടെ എട്ട് സംസ്ഥാനങ്ങളിൽ ശാസ്ത്രീയമായ വെള്ളപ്പൊക്ക മാനേജ്മെന്റ് മാസ്റ്റർ പ്ലാൻ തയാറാക്കിയിട്ടില്ല എന്ന് എടുത്തുപറയുന്നുണ്ട്. കേന്ദ്ര സർക്കാറിന്റെ മുൻ റിപ്പോർട്ടുകൾക്ക് വിരുദ്ധമായി ഇന്ത്യയുടെ 14 ശതമാനം ഭൂവിഭാഗം അതായത്, 45.64 ദശലക്ഷം ഹെക്ടർ സ്ഥലം വെള്ളപ്പൊക്ക ഭീഷണിയിലാണെന്നാണ് പറയുന്നത്. 1996 നും 2015നും ഇടയിലുള്ള കണക്കു പരിശോധിച്ചാൽ, പ്രകൃതി ദുരന്ത മരണസംഖ്യകളിൽ ഇന്ത്യ ലോകത്ത് അഞ്ചാം സ്ഥാനത്താണെന്നും ഇതിന്റെ മൂന്നിലൊന്നും വെള്ളപ്പൊക്കത്തിലാണെന്നും പറയുന്നു.

**ഉയരുന്ന മരണസംഖ്യ** : ഐക്യരാഷ്ട്ര സഭയുടെ ദുരന്ത ലഘൂകരണ ഏജൻസിയുടെ 2015 ലെ റിപ്പോർട്ട് പറയുന്നത് ലോകത്തിലെ മറ്റു രാജ്യങ്ങൾ പലതും വെള്ളപ്പൊക്കത്തിലെ ശരാശരി മരണനിരക്ക് 68 ൽ നിന്ന് 34 ശതമാനമായി കുറഞ്ഞപ്പോൾ ഇന്ത്യയിലേത് പ്രതിവർഷ മരണനിരക്ക് 13,350 ൽ നിന്ന് 15,860 ലേക്ക് ഉയരുകയാണ് ചെയ്തത് എന്നാണ്.



**ഉപകരണങ്ങളുടെ അപര്യാപ്തത** : രാജ്യത്ത് 184 ഓളം വെള്ളപ്പൊക്ക മുന്നറിയിപ്പ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും കേരളമുൾപ്പെടെ 10 സംസ്ഥാനങ്ങളിൽ ഇത്തരം സ്റ്റേഷൻ ഒന്നുപോലുമില്ല. താഴ്ന്ന പ്രദേശങ്ങളിൽ എത്രമാത്രം വെള്ളം കയറും എന്ന് സൂചിപ്പിക്കുന്ന മാപ്പുകൾ കേരളമടക്കമുള്ള പല സംസ്ഥാനങ്ങളും ഇനിയും തയാറാക്കിയിട്ടില്ലെന്നും സി.എ.ജി. കുറ്റപ്പെടുത്തുന്നു.

**അണക്കെട്ട് പൊട്ടിയാൽ** : 64 അണക്കെട്ടുകളിൽ ഒന്നു പോലും ശരിയായ രീതിയിൽ 'ഡാം ബ്രേക് അനാലിസിസ്' നടത്തിയിട്ടില്ല എന്ന് ചൂണ്ടിക്കാട്ടുന്ന സി.എ.ജി. ഇതിന്റെ അപകടസാധ്യതയും എടുത്തു പറയുന്നുണ്ട്.

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തയാറാക്കിയ ദുരന്തനിവാരണ പ്ലാനിൽ(2016) പറയുന്നത് വെള്ളപ്പൊക്ക സാധ്യത ഏറ്റവും കുറവ് (38.78 ചതുരശ്ര കിലോമീറ്റർ) ഇടുക്കിയിലാണെന്നാണ്. മലപ്പുറത്ത് വലിയ സാധ്യതയാണെന്നും (601.67 ചതുരശ്ര കിലോമീറ്റർ) പത്തനംതിട്ട, കോട്ടയം ജില്ലകളിൽ വെള്ളപ്പൊക്ക സാധ്യത പ്രദേശങ്ങൾ യഥാക്രമം 212 ഉം 461 ചതുരശ്ര കിലോമീറ്ററും ആണെന്നാണ് മാസ്റ്റർ പ്ലാൻ റിപ്പോർട്ടിൽ പറയുന്നത്. പരുപരുത്ത ഭൂപ്രകൃതിയും പരന്ന തടങ്ങളുടെ അഭാവവും ഉള്ളതുകൊണ്ട് തന്നെ വെള്ളപ്പൊക്ക സാധ്യതയില്ല എന്ന് ദുരന്തനിവാരണ അതോറിറ്റി പറയുന്ന ഇടുക്കിയിൽ വൻനാശമുണ്ടായി എന്നത് കാലാനുസൃതമായി ഈ പ്ലാനുകൾ പരിഷ്കരിക്കേണ്ട സമയമായി എന്നാണ് സൂചിപ്പിക്കുന്നത്. 2013 ൽ വെള്ളം കയറിയ ഭൂപ്രദേശങ്ങളാണ് ഇത്തവണ അണക്കെട്ടിന്റെ ഷട്ടറുകൾ തുറന്നപ്പോൾ വെള്ളം കയറാൻ സാധ്യതയുള്ള പ്രദേശങ്ങളായി എടുത്തത് എന്ന് റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. ഭൂപ്രകൃതി അന്നത്തേതിനേക്കാൾ എത്രയോ മാറി. വൈദ്യുതി ബോർഡിലും 26 കൊല്ലം മുമ്പ് ഷട്ടർ തുറന്നപ്പോൾ ഉണ്ടായിരുന്ന ഉദ്യോഗസ്ഥരും സർവ്വീസിലില്ല എന്നത് കണക്കിലെടുക്കേണ്ടതുണ്ട്.

**പാവകളെപ്പോലെ ജനങ്ങൾ** : ഏത് ദുരന്ത മാനേജ്മെന്റ് പ്ലാനിന്റെയും അടിസ്ഥാനഘടകം, അതത് പ്രദേശത്തെ ആളുകൾക്ക് അവനവൻ നേരിടാൻ



പോകുന്ന അപകടത്തിന്റെ, അല്ലെങ്കിൽ ആഘാതത്തെപ്പറ്റി, വ്യക്തമായ ഒരു ധാരണ ഉണ്ടാകണം എന്നതാണ്. രണ്ടാമതായി, അപ്രകാരമൊരു ദുരന്തമുണ്ടായാൽ എവിടെയാണ് പോകേണ്ടത് എന്ന് നേരത്തേ അറിവുണ്ടാകണം എന്നതാണ്. മൂന്നാമതായി ഇത്തരം വെള്ളപ്പൊക്കത്തെ പ്രതിരോധിക്കേണ്ട മാർഗങ്ങളെക്കുറിച്ച് അതത് പ്രദേശത്തെ ജനങ്ങൾക്ക് വ്യക്തമായ അവബോധം ഉണ്ടാകണം എന്നതാണ്. മേൽപ്പറഞ്ഞ മൂന്നു കാര്യങ്ങളിലും കേരളത്തിലെ ദുരന്ത മാനേജ്മെന്റിന് ഏറെദൂരം പോകാനുണ്ട്.

മുകളിൽ നിന്നുള്ള ഉത്തരവുകൾ അനുസരിക്കുന്ന പാവകൾ മാത്രമായി ജനങ്ങൾ മാറുന്നതിന് പകരം, നേരത്തേ നിശ്ചയിച്ചുറപ്പിച്ച പദ്ധതി പ്രകാരം പ്രതികരിക്കാൻ ശേഷിയുള്ള ജനതയെ വാർത്തെടുക്കേണ്ടതുണ്ട്.

**തീർപ്പാക്കാത്ത പദ്ധതികൾ** : 1850 കോടി രൂപയുടെ കുട്ടനാടൻ പാക്കേജും പമ്പ ആക്ഷൻ പ്ലാനിലെ പല നിർദ്ദേശങ്ങളും ഇനിയും നടപ്പിലാക്കിയിട്ടില്ല. പമ്പ ആക്ഷൻ പ്ലാനിൽ പറയുന്ന വരട്ടാർ, കോലരയാർ തുടങ്ങിയ നദികളുടെ പുനരുജ്ജീവനം അപ്പർ കുട്ടനാട്ടിലെ വെള്ളപ്പൊക്ക ലഘൂകരണത്തിന് മുഖ്യമാർഗമാണ്. കയറിവരുന്ന വെള്ളത്തിന്റെ ഏറിയ പങ്കും ഈ കൈവഴികളിലൂടെ ഒഴുകിക്കൊള്ളും.

**ദേശീയ ദുരന്തം എന്ന മിഥ്യ**: ദുരന്ത മാനേജ്മെന്റിന് സമഗ്രമായ കാഴ്ചപ്പാടിന്റെ തുടക്കം 2005 ൽ ഇന്ത്യൻ പാർലമെന്റ് ദുരന്ത മാനേജ്മെന്റ് ആക്ട് പാസാക്കിയതോടെയാണ്. പതിനൊന്ന് അധ്യായങ്ങളുള്ള ഈ ആക്ടിൽ എവിടെയും ദേശീയ ദുരന്തം എന്ന ഒരു വാക്ക് കാണാൻ കഴിയില്ല. ദുരന്ത മാനേജ്മെന്റ് കൃഷിമന്ത്രാലയത്തിന്റെ കീഴിലായിരുന്നപ്പോൾ കേന്ദ്ര ആഭ്യന്തര സെക്രട്ടറി കെ.സി. പന്തിന്റെ നേതൃത്വത്തിൽ രൂപവത്കരിച്ച ഉന്നതാധികാര റിപ്പോർട്ടിലും (2001) ദേശീയ ദുരന്തം എന്ന വാക്ക് കാണാനില്ല. പകരം, ലെവൽ സീറോ (L 0), ലെവൽ 1, ലെവൽ 2 എന്നിങ്ങനെയാണ് വേർതിരിച്ചിരിക്കുന്നത്.

'L 0', എന്നാൽ, ദുരന്തമില്ലാത്ത സമയം. ഈ സമയത്താണ് തയാറെടുപ്പ്, ലഘൂകരണങ്ങൾ, ദുരന്തം തടയാനുള്ള പ്രവൃത്തികൾ ഇവയെല്ലാം ചെയ്യേണ്ടത്.



ജില്ലാ തലത്തിൽ കൈകാര്യം ചെയ്യാൻ പറ്റുന്ന ദുരന്തങ്ങളെ 'L1'എന്നും സംസ്ഥാനതലത്തിൽ മാത്രം കൈകാര്യം ചെയ്യാൻ പറ്റുന്ന ദുരന്തങ്ങളെ 'L2'എന്നും ദേശീയ തലത്തിൽ മാത്രം കൈകാര്യം ചെയ്യാൻ പറ്റുന്നവയെ 'L3'ദുരന്തങ്ങൾ എന്നുമാണ് തരം തിരിച്ചിരിക്കുന്നത്. സംഗതികൾ ഇങ്ങനെയൊക്കെ ആണെങ്കിലും ഓരോ ദുരന്തവും ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന മുറവിളി നമ്മളും കൂട്ടുന്നുണ്ട്. സമ്മർദ്ദങ്ങൾ താങ്ങാനാവാത്തതിനാലാകണം, ജമ്മു-കാശ്മീരിൽ 2014 ലുണ്ടായ വെള്ളപ്പൊക്കത്തെ കേന്ദ്ര സർക്കാറും ദേശീയ ദുരന്തമായി പ്രഖ്യാപിച്ചു!

**ഇനിയെന്ത് ?**

**മേഖലകളായി തരം തിരിക്കൽ** : കംട്രോളർ -ഓഡിറ്റർ ജനറലിന്റെ അവലോകന റിപ്പോർട്ടിൽ പറയുന്നതിനു പുറമെ ചില കാര്യങ്ങൾ കൂടി ചെയ്യാനുണ്ട്. അതിലേറ്റവും പ്രധാനം വെള്ളപ്പൊക്ക സമതലങ്ങളെ മേഖലകളായി തിരിക്കുക എന്നതാണ്.

വെള്ളപ്പൊക്ക സമയത്ത്, നദിയുടെ ഇരുകരകളിലും വെള്ളം കരകവിഞ്ഞ് ഒഴുകുമ്പോൾ എടുക്കുന്ന സ്ഥലമാണ് ഫ്ളഡ് പ്ലെയിൻ. ഇവിടെ മലയുടെ മുകളിൽ നിന്ന് നദികൾ ഒഴുക്കിക്കൊണ്ടുവരുന്ന മണലും എക്കലും നിക്ഷേപിച്ച് പരന്ന ഭൂവിഭാഗം ഉണ്ടാകുന്നുണ്ട്.

ഏറ്റവും കൂടുതൽ വെള്ളപ്പൊക്കം ഉണ്ടാകുന്നത് ഇത്തരം മേഖലകളിലാണ്. ഈ സമതലങ്ങളെ 10 വർഷത്തിൽ ഒരിക്കൽ വെള്ളം കയറുന്നവ, 25,50,100 വർഷത്തിൽ വെള്ളം കയറുന്നവ എന്നിങ്ങനെ വേർതിരിച്ച് 25 കൊല്ലത്തിനിടയിൽ പ്രളയം ബാധിക്കുന്ന മേഖലകളെ ദുരന്തസാധ്യത പട്ടികയിൽ ഉൾപ്പെടുത്തണം. ഒരു കാരണവശാലും ഇത്തരം ഫ്ളഡ് പ്ലെയിനുകളിൽ നിർമ്മാണം അനുവദിക്കാൻ പാടില്ല എന്ന് കേന്ദ്ര വിജ്ഞാപനവും ഉണ്ട്. പക്ഷേ, നമ്മുടെ നദികളുടെ തീരങ്ങളെല്ലാം സ്വകാര്യ വ്യക്തികളും ഭൂമാഫിയകളും കൈയേറിയിരിക്കുകയാണ്. കോടതി ഉൾപ്പെടെ സംസ്ഥാന സർക്കാറിന്റെ പല ഔദ്യോഗിക കെട്ടിടങ്ങളും ടൂറിസ്റ്റ് കേന്ദ്രങ്ങളും ഇത്തരം പരിസ്ഥിതിലോല പ്രദേശങ്ങളിൽ തന്നെയാണ്.



**സമഗ്രമായ വിവരശേഖരണം**: ഓരോ പ്രദേശത്തെയും വെള്ളപ്പൊക്ക ആഘാതം എത്രയാണെന്ന് മനസ്സിലാക്കാൻ നദികളുടെയും അരുവികളുടെയും വിവരശേഖരണം നടത്തേണ്ടതുണ്ട്. മഴയുടെ അളവ്, നദിയിലൂടെ ഒഴുകുന്ന വെള്ളത്തിന്റെ അളവ്, എത്ര വെള്ളം നീരാവിയായി പോകുന്നു, ഭൂഗർഭ ജലത്തിന്റെ അളവ് തുടങ്ങിയ വിവരങ്ങളും ശേഖരിക്കേണ്ടതുണ്ട്.

**മാധ്യമം ആഴ്ചപ്പതിപ്പ്,**

**27 ആഗസ്റ്റ്, 2018**

ജജജജ

FOCUS



# സംവാദങ്ങളുടെ ജനാധിപത്യോത്സവം

**ഇന്ദുശേഖർ കെ.എസ്.**

പാർശ്വവത്കൃതരുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട ആഴമേറിയ സംവാദങ്ങൾക്കാണ് കേരളത്തിലെ ജനാധിപത്യോത്സവം വേദിയൊരുക്കിയത്. സ്വതന്ത്ര ഇന്ത്യയിൽ പട്ടികജാതി, പട്ടികവർഗങ്ങളുടെ ശാക്തീകരണം നേരിടുന്ന വെല്ലുവിളികൾ സംബന്ധിച്ച ചർച്ചകളിൽ കേരളത്തിലെ ജനപ്രതിനിധികൾക്കൊപ്പം രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും എത്തിയ എം.എൽ.എ. മാരും എം.പി. മാരും അക്കാദമിക് വിദഗ്ധരും ചിന്തകരും തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള എഴുന്നൂറ്റമ്പതോളം ജനപ്രതിനിധികളും ഭാഗഭാക്കായി. നീതിന്യായ സംവിധാനങ്ങളുടെ ഇടപെടലുകളും അനുഭവങ്ങളും സാധ്യതകളും, ജാതിവ്യവസ്ഥയും പട്ടികവിഭാഗങ്ങളുടെ ഉന്നമനവും, ഭരണഘടനാനുസൃതമായ നീതി : യാഥാർത്ഥ്യവും പ്രതീക്ഷകളും, സംവരണം ജനാധിപത്യം : ഇന്ത്യൻ അനുഭവത്തിലൂടെയുള്ള പരിപ്രേക്ഷ്യം എന്നീ വിഷയങ്ങളിലാണ് ചർച്ചകൾ നടന്നത്. രാഷ്ട്രപതി രാംനാഥ് കോവിന്ദ് ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഭൂപരിഷ്കരണം മുതൽ പഞ്ചായത്തീരാജ് വരെയും, സാക്ഷരത മുതൽ ആരോഗ്യ സംരക്ഷണം വരെയും കേരള ജനത ഒട്ടേറെ നേട്ടം കൈവരിച്ചവരാണ്. നിയമസഭയുടെ നിയമനിർമ്മാണങ്ങൾ ‘കേരള മോഡൽ’ എന്ന് വിശേഷിപ്പിക്കുന്ന ഈ സാമൂഹിക മുന്നേറ്റങ്ങൾക്ക് ഏറെ സഹായകവുമായിട്ടുണ്ടെന്ന് ഉദ്ഘാടന പ്രസംഗത്തിൽ രാഷ്ട്രപതി രാംനാഥ് കോവിന്ദ് പറഞ്ഞു. ഗവർണർ പി. സദാശിവം, മുഖ്യമന്ത്രി പിണറായി വിജയൻ, സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ, മന്ത്രി എ.കെ. ബാലൻ, പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല, ഡെപ്യൂട്ടി സ്പീക്കർ വി. ശശി എന്നിവർ സംസാരിച്ചു. ഉദ്ഘാടനച്ചടങ്ങിനുശേഷം വിവിധ സെഷനുകളിലായി നടന്ന സംവാദങ്ങൾക്കു പ്രൊഫ.(ഡോ.)കാഞ്ച ഇളയ്യ (ഡയറക്ടർ, സെന്റർ ഫോർ സ്റ്റഡി ഓഫ് സോഷ്യൽ എക്സ്ക്ലൂഷൻ ആൻഡ് ഇൻക്ലൂസീവ് പോളിസി, മൗലാന ആസാദ് നാഷണൽ ഉറുദു സർവകലാശാല, ഹൈദ്രാബാദ്), പ്രൊഫ.(ഡോ.)ഗോപാൽ ഗുരു (സെന്റർ ഫോർ പൊളിറ്റിക്കൽ സ്റ്റഡീസ്, ജെ.എൻയു. ന്യൂഡൽഹി), പി.എസ്. കൃഷ്ണൻ (ആന്ധ്രാപ്രദേശ് സർക്കാർ മുൻ



ഉപദേശകൻ), വെങ്കിടേഷ് രാമകൃഷ്ണൻ (ഡെപ്യൂട്ടി എഡിറ്റർ, ഫ്രണ്ട്ലൈൻ) ഡോ.എൻ.കെ. ജയകുമാർ (മുൻ നിയമസഭാ സെക്രട്ടറി), മജീദ് മേമൻ (പ്രമുഖ അഭിഭാഷകനും മനുഷ്യാവകാശ പ്രവർത്തകനും) തുടങ്ങിയവർ നേതൃത്വം നൽകി. പട്ടികവിഭാഗങ്ങളുടെ ഉന്നമനത്തിൽ കേരള മാതൃക എങ്ങനെ രാജ്യത്തിനു തന്നെ മാതൃകയാണെന്നത് ഉയർത്തിക്കാട്ടിയതിനൊപ്പം ഇനി കേരളം മുന്നോട്ടുപോവേണ്ട മേഖലകളും പങ്കെടുത്ത എല്ലാവരും ചൂണ്ടിക്കാട്ടി.

ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയുടെ ഭാഗമായി തുടർന്നുള്ള മൂന്നു മാസങ്ങളിലായി അഞ്ച് വ്യത്യസ്ത ദേശീയ കോൺഫറൻസുകളും സംഘടിപ്പിക്കുന്നുണ്ട്. വനിതകളുടെ ഏകദിന സമ്മേളനം, ദേശീയ വിദ്യാർഥി പാർലമെന്റ്, നിയമസഭാധ്യക്ഷരുടെ പ്രത്യേക കോൺഫറൻസ്, നാഷണൽ മീഡിയ കോൺക്ലേവ്, കേരളപ്പിറവി ദിനത്തിൽ കേരള വികസനത്തെക്കുറിച്ചുള്ള സമവായ സമ്മേളനം എന്നിവ.

**കേരളം ഇന്ത്യൻ ജനാധിപത്യത്തിലെ ട്രെൻഡ് സെറ്റർ : മുഖ്യമന്ത്രി**

കേരളം ഇന്ത്യൻ ജനാധിപത്യത്തിലെ ട്രെൻഡ് സെറ്ററാണെന്ന് ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയുടെ ഉദ്ഘാടനചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കഴിഞ്ഞ ആറ് പതിറ്റാണ്ടിനിടെ ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥിതിക്ക് മുതൽക്കൂട്ടായ നിരവധി സംഭാവനകൾ കേരളവും കേരള നിയമസഭയും നൽകിയിട്ടുണ്ട്. കൂട്ടുമന്ത്രിസഭ എന്ന ആശയത്തിന് തുടക്കം കുറിച്ചത് കേരളമാണ്. പിന്നീട് മറ്റു പല സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും ഈ ആശയം സ്വീകരിക്കുകയുണ്ടായി. നിയമസഭ പാസാക്കുന്നതിനു മുൻപ് ബില്ലുകൾ സബ്ജക്ട് കമ്മിറ്റി പരിശോധിക്കുന്ന രീതിക്ക് തുടക്കം കുറിച്ചതും കേരളമാണ്. പിന്നീടത് ലോക്സഭയും മറ്റു സംസ്ഥാനങ്ങളിലെ നിയമസഭകളും പിന്തുടർന്നു.

കേരളത്തിലെ പിന്നാക്ക സമുദായങ്ങളെ ശാക്തീകരിക്കുന്നതിനായി നിരവധി ശ്രദ്ധേയമായ ഇടപെടലുകൾ സംസ്ഥാന സർക്കാർ നടത്തിയിട്ടുണ്ട്. കേന്ദ്രസർക്കാർ സ്പെഷ്യൽ കമ്പോണന്റ് പ്ലാനും ട്രൈബൽ സബ് പ്ലാനും നിർത്തലാക്കിയെങ്കിലും കേരളം അവ തുടരുന്നു. അവഗണിക്കപ്പെട്ട



വിഭാഗങ്ങൾക്ക് ശ്രദ്ധ വേണമെന്നതിനാലാണിത്. ഇത്തരം വിഭാഗങ്ങളെ ഉദ്ദേശിച്ചുള്ള പദ്ധതികൾക്കും പരിപാടികൾക്കും പ്രത്യേക പരിഗണന ഇതിലൂടെ ലഭിക്കുന്നു. എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതത്തേക്കാൾ കൂടുതൽ വിഹിതം കേരളം അനുവദിക്കുന്നുണ്ട്. ഇന്ത്യയിൽ തന്നെ കേരളമാണിതിന് തുടക്കമിട്ടത്. മറ്റു സംസ്ഥാനങ്ങളേക്കാൾ കൂടുതൽ വിഹിതം നീക്കിവയ്ക്കുന്നതിലും കേരളം മുന്നിലാണ്. അവഗണിക്കപ്പെട്ട വിഭാഗങ്ങൾക്കായി സർക്കാർ സർവ്വീസിൽ പ്രത്യേക റിക്രൂട്ട്മെന്റ് കേരളം നടത്തുന്നുണ്ട്. സാമൂഹികസമത്വം ഉറപ്പുവരുത്തുന്നതിന് പിന്നാക്ക വിഭാഗങ്ങളിൽ നിന്നുള്ളവരെ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ ശാന്തിമാരായി നിയമിച്ചു. നീതിയും സമത്വവും ഉറപ്പാക്കുന്നതിന് കേരളം ജനാധിപത്യത്തെ വിജയകരമായി പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു.

**ജനാധിപത്യം ശക്തിപ്പെടുത്തും : ഗവർണർ**

വിഭാഗീയമോ വർഗീയമോ ആയ ചിന്തകൾക്ക് അതീതമായി ഓരോ പൗരനും ജനാധിപത്യമൂല്യങ്ങളെയും സാംസ്കാരിക വൈവിധ്യത്തെയും ബഹുമാനിക്കുകയും ഓരോരുത്തരുടെയും നിയമാനുസൃതമായ അവകാശങ്ങൾക്കു വേണ്ടി പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ് ജനാധിപത്യം ഉത്സവമാകുന്നത്. ആ നിലയിലുള്ള ചിന്തകളിലേക്കും പ്രവർത്തനങ്ങളിലേക്കും ജനങ്ങളെ ഉയർത്തിക്കൊണ്ടുവരികയാണ് നമ്മുടെ ചുമതല. ജനാധിപത്യം ശക്തിപ്പെടുത്തുന്നതിൽ ഒരു കേരള മോഡൽ സൃഷ്ടിക്കാൻ ഈ പരിപാടികൾക്കു കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

**പുതിയ ദിശാബോധം നൽകും : സ്പീക്കർ**

ജനാധിപത്യോത്സവ പരിപാടി കേരളത്തിലും രാജ്യത്തും നിലനിൽക്കുന്ന ജനാധിപത്യത്തെ കൂടുതൽ ആഴത്തിൽ മനസ്സിലാക്കാൻ പ്രചോദനം പകരുന്ന ഒന്നായിരിക്കും എന്ന് നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ പറഞ്ഞു. ഓരോ ഭരണ നടപടികളിലും ജനാധിപത്യ മൂല്യങ്ങളും ധാർമികതയും



പ്രതിഫലിക്കുമ്പോൾ മാത്രമേ ജനാധിപത്യപരമായ ഒരു സർക്കാരിന്റെ സാന്നിധ്യം ജനങ്ങൾക്ക് അനുഭവപ്പെടുകയുള്ളൂ. ജനാധിപത്യമെന്നത് കേവലം രാഷ്ട്രീയ വ്യവസ്ഥിതിയുടെ നിയോജകമണ്ഡലപരമായ ഒരു രൂപം മാത്രമല്ല, പാർലമെന്റും സംസ്ഥാന നിയമസഭകളും ജനങ്ങളുടെ സ്വപ്നങ്ങൾക്കും ആഗ്രഹങ്ങൾക്കും അനുഗുണമായ നിയമനിർമാണം നിർവഹിക്കണംഅത്തരം നിയമനിർമാണം നിർവ്വഹിക്കപ്പെടുമ്പോൾ തന്നെ ജനങ്ങളുടെ ആഗ്രഹങ്ങളെ കണക്കിലെടുത്തിട്ടുണ്ടെന്ന് അവരെ ബോധ്യപ്പെടുത്തുകയും വേണം. പട്ടികജാതി, പട്ടികവർഗവിഭാഗങ്ങൾ നേരിടുന്ന വെല്ലുവിളികളെക്കുറിച്ചുള്ള ചർച്ചാസമ്മേളനങ്ങൾ ഈ വിഷയത്തിൽ പുതിയ ദിശാബോധം പകരുമെന്ന് അദ്ദേഹം പറഞ്ഞു.

**ഒത്തൊരുമയോടെ പ്രവർത്തിക്കേണ്ട സമയം: മന്ത്രി എ.കെ.ബാലൻ**

നിയമങ്ങൾ നിരവധി ഉണ്ടെങ്കിലും പിന്നാക്ക വിഭാഗങ്ങളും പാർശ്വവത്കരിക്കപ്പെട്ടവരും രാജ്യത്ത് പല തരത്തിലുമുള്ള ബുദ്ധിമുട്ടുകളാണ് നേരിടുന്നതെന്ന് പട്ടികജാതി-പട്ടികവർഗക്ഷേമവകുപ്പ് മന്ത്രി എ.കെ.ബാലൻ പറഞ്ഞു. ജനസംഖ്യയുടെ 20 ശതമാനത്തോളം വരുന്ന ഈ വിഭാഗത്തിന്റെ ഉന്നമനത്തിന് ഭരണഘടന അവർക്ക് പല അവകാശങ്ങളും ഉറപ്പുനൽകുന്നുണ്ട്. അത് സംരക്ഷിക്കാൻ ഈ രംഗത്തുള്ളവരെല്ലാം ഒത്തൊരുമയോടെ പ്രവർത്തിക്കേണ്ട സമയമാണിതെന്നും മന്ത്രി പറഞ്ഞു.

**കേരളമാതൃക മികച്ചത് : കാഞ്ച ഇളയ്യ**

കേരളമാതൃകയിലുള്ള വികസനത്തിന് പൊതുവേ മതിപ്പ് ഏറെയാണ്. അത് ഗുജറാത്ത് മാതൃകയേക്കാളും ഏറെ മികച്ചതാണെന്ന കാര്യത്തിൽ സംശയമില്ല. എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് സംസ്ഥാനത്തെ മാറിമാറിവരുന്ന സർക്കാരുകൾക്കു മുന്നിൽ വയ്ക്കാൻ ശക്തമായ ആവശ്യങ്ങളുണ്ട്. ഭൂമിയുടെ പുനർവിന്യാസവും മെച്ചപ്പെട്ട താമസസൗകര്യവുമാണ് അവർ ആവശ്യപ്പെടുന്നത്. എസ്.സി/എസ്.ടി. വികസനത്തിന്റെ കേരള മാതൃക ദേശീയ തലത്തിൽ എസ്.സി./എസ്.ടി. വികസനത്തിന് വെല്ലുവിളിയാണ്. ഇന്ത്യയുടെ ആദ്യ ദളിത് പ്രസിഡന്റ് ആയി കെ.ആർ. നാരായണനും, ദളിത് ചീഫ് ജസ്റ്റീസ് ആയി ജസ്റ്റീസ് കെ.ജി.ബാലകൃഷ്ണനും ഉയർന്നു വന്നത് ദളിത് പൗരസമൂഹത്തിൽ നിന്നാണ്.



വിദ്യാഭ്യാസ പുരോഗതിയിലും സാമ്പത്തിക സ്ഥിതിയിലും ആരോഗ്യ സൂചികയിലും കേരളത്തിലെ ദളിത് സമൂഹത്തിന്റെ സ്ഥിതിയും ദേശീയ സാഹചര്യവും അതുപോലെ ഗുജറാത്തിലെ അവസ്ഥയും തമ്മിലുള്ള ഗൗരവമായ ഒരു താരതമ്യ പഠനം അനിവാര്യമാണ്. കാരണം ദേശീയ സൂചികകൾ പരിഗണിക്കുമ്പോൾ ഗുജറാത്തിനെ ഉയർത്തിക്കാട്ടിയിരുന്നത് ശരിയാണോ എന്നത് പഠന വിധേയമാക്കേണ്ട കാര്യമാണ്.

**നീതിവ്യവസ്ഥ കരുത്താർജിക്കണം : പ്രൊഫ. ഗോപാൽ ഗുരു**

പട്ടിക വിഭാഗങ്ങൾക്ക് നീതി ലഭിക്കുന്നതിന് നിലവിലുള്ള നീതിന്യായ വ്യവസ്ഥ കൂടുതൽ കരുത്താർജിക്കേണ്ടതുണ്ട്. നിലവിലുള്ള നീതിന്യായ വ്യവസ്ഥ ദുർബലമാണെന്നതാണ് പലപ്പോഴും ഈ വിഭാഗങ്ങൾക്ക് നീതി ലഭ്യമാകാതിരിക്കാൻ കാരണമെന്നാണ് പറയുന്നത്. അങ്ങനെയെങ്കിൽ ആ നീതി സങ്കല്പങ്ങളിൽ സമഗ്ര പൊളിച്ചുപണിക്കുള്ള സമയമായി. തുടർച്ചയായി വീഴ്ച സംഭവിക്കുന്നത് നമ്മുടെ നീതി സങ്കൽപ്പങ്ങളുടെ അന്തസത്ത ചോർത്തിക്കളയുകയും അതിനെ മൂടിയില്ലാത്ത പാത്രസമാനമാക്കുകയും ചെയ്യും. രാജ്യത്ത് പല വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കഴിഞ്ഞ കുറേവർഷങ്ങളായി ഉപരിപഠനത്തിന് ഈ വിഭാഗം വിദ്യാർഥികൾക്ക് പ്രവേശനം ലഭിക്കുന്നില്ല. ദളിതർക്കും ആദിവാസികൾക്കും ലഭിക്കേണ്ട ധനസഹായംപോലും വക മാറ്റി ചെലവാക്കപ്പെടുന്നത് തടയാനും കഴിയാത്തത് ഇതേ നീതിവ്യവസ്ഥയുടെ കെടുകാര്യസ്ഥതയാണ്.

**ജാതിവിവേചനം തുടരുന്നത് ലജ്ജാകരം : മജീദ് മേമൻ**

ഒട്ടേറെ നിയമനിർമാണങ്ങൾ നടത്തിയിട്ടും രാജ്യത്തെ പിന്നോട്ടുവലിക്കുന്ന ജാത്യധിഷ്ഠിതമായ അനാചാരങ്ങൾ ഇപ്പോഴും നിലനിൽക്കുകയാണെന്നു മജീദ്മേമൻ എം.പി. പറഞ്ഞു. തൊട്ടുകൂടായ്മയും ജാത്യാധിഷ്ഠിതമായ വിവേചനവും രാജ്യത്ത് പലയിടത്തും ഇപ്പോഴും തുടരുന്നു എന്നത് ലജ്ജാകരമാണ്. പട്ടികജാതി പട്ടികവർഗക്കാർക്ക് എതിരായ ആക്രമണങ്ങൾ തടയുന്ന നിയമം അവർക്ക് ഒട്ടേറെ അവകാശങ്ങൾ നൽകുന്നുണ്ട്. രാജ്യത്തെ



പൊതുധാരയിലേക്ക് അവരെ ഉയർത്തിക്കൊണ്ടു വരികയും നിയമനിർമാണത്തിന്റെ ഉദ്ദേശ്യമായിരുന്നു. എന്നാൽ ഈ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുന്നതിൽ വേണ്ടത്ര വിജയിച്ചില്ല.

**ഭരണഘടനയുടെ അന്തസത്ത : ഡോ.എൻ.കെ.ജയകുമാർ**

സാങ്കേതികതകൾക്കപ്പുറം ഭരണഘടനയുടെ അന്ത:സത്തയറിഞ്ഞ് പെരുമാറാൻ നമുക്ക് കഴിയണം. ദലിത് വിഭാഗങ്ങളുടെ സംവരണം, നിയമനം തുടങ്ങിയ കാര്യങ്ങളിൽ കോടതികളിൽവരെ നിലവിൽ ലഭ്യമായ അവസരങ്ങളും സാഹചര്യങ്ങളും വേണ്ടത്ര ഉപയോഗപ്പെടുത്തുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. നിയമം നടപ്പാക്കുന്നതുകൊണ്ടു മാത്രം നീതി ലഭ്യമാകണമെന്നില്ല. ഇതിനായി നിർവഹണ ഏജൻസികളുടെയും ജുഡീഷ്യറികളുടേയും ശക്തമായ ഇടപെടൽ വേണം. ദളിത് ശാക്തീകരണത്തിന്റെ വിഷയത്തിൽ ജുഡീഷ്യൽ ഇടപെടലുകൾക്ക് ഒരിക്കലും നിയമനിർമാണസഭകളുടെ ശ്രമങ്ങൾക്കും സാമൂഹിക മുന്നേറ്റങ്ങൾക്കും പകരമാകാൻ കഴിയില്ലെന്നും അദ്ദേഹം പറഞ്ഞു.

**സാമൂഹിക വിവേചനം 21-ാം നൂറ്റാണ്ടിലും തുടരുന്നു : വെങ്കിടേഷ് രാമകൃഷ്ണൻ**

പട്ടിക വിഭാഗങ്ങളോടുള്ള സാമൂഹിക വിവേചനം 21-ാം നൂറ്റാണ്ടിലും തുടരുകയാണ്. പിന്നാക്ക സംവരണം സംബന്ധിച്ച കണക്കുകളുടെ ഉള്ളറകളിലാണു യാഥാർഥ്യം ഒളിഞ്ഞിരിക്കുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. തൊഴിൽ, ഭരണ മേഖലകളിൽ സംവരണം ഏർപ്പെടുത്തി ഏഴു പതിറ്റാണ്ടു കഴിഞ്ഞിട്ടും പട്ടിക വിഭാഗങ്ങൾ ഇപ്പോഴും താഴേത്തട്ടിൽത്തന്നെയാണ്. കേന്ദ്ര സർക്കാർ ജോലികളിൽ 17 ശതമാനം പട്ടികജാതി വിഭാഗത്തിലും 7.4 ശതമാനം പട്ടികവർഗവിഭാഗത്തിൽ നിന്നുമുള്ളവരാണ്. വിശാലാർഥത്തിൽ ഇതു ഭരണഘടന നിഷ്കർഷിക്കുന്ന അനുപാതത്തിന് അടുത്തുവരും. പക്ഷേ ഗ്രൂപ്പ് എ ഉദ്യോഗസ്ഥരിൽ പട്ടികജാതിക്കാർ 11.1 ശതമാനം മാത്രമാണ്. പട്ടികവർഗക്കാർ 4.6 ഉം. ഗ്രൂപ്പ് ബി യിൽ എസ്.സി. 14.3 ഉം എസ്.ടി. 5.5 ഉം ശതമാനമാണ്. ഗ്രൂപ്പ് സി യിൽ ഇത് യഥാക്രമം 16 ഉം 7.8 ഉം. ഏറ്റവും താഴ്ന്ന വിഭാഗത്തിലുള്ള ഗ്രൂപ്പ് ഡി യിൽ 19.3 ശതമാനം പേർ പട്ടികജാതിക്കാരും ഏഴു ശതമാനം പേർ പട്ടിക



വർഗക്കാരുമാണ്. ഏറ്റവും കൂടുതൽ തൂപ്പുകാർ ഉള്ള വിഭാഗമാണിത്. ഈ കണക്കിൽനിന്നുതന്നെ അധികാരത്തിന്റെ ഉന്നത ശ്രേണികളിൽ നിന്നു പട്ടിക വിഭാഗക്കാർ മാറ്റി നിർത്തപ്പെടുന്നതിന്റെ നേർച്ചിത്രം ലഭിക്കും.

**സമകാലിക ജനപഥം,**

**ആഗസ്ററ് 2018**



# Higher Education In Peril

**R. Ramachandran**

In Hindi there is a word Khilwad, whose closest English translation would be to act recklessly or irresponsibly, although these words do not fully capture the import of the native word's usage. The government in power is doing exactly that with the education sector across the board, higher education in particular. The move to establish a new Higher Education Commission of India (HECI), which seeks to supplant the 62-year-old University Grants Commission (UGC) by enacting the Higher Education Commission of India (Repeal of UGC Act) Act, 2018, is in some sense the culmination of the ongoing systematic assault, both overt and covert, on higher education which has been in evidence since the government came to power.

The other overt and covert moves-the latter being executed through various front organisations of the Rashtriya Swayamsewak Sangh (RSS) and other affiliates of the Sangh Parivar-were relatively isolated and confined to specific events or individual institutions. One has witnessed utter disregard for the scientific temper through the irrational and patently unscientific utterances and propagation of falsehoods as India's "glorious" past and history by Ministers, members of the ruling party and other Hindutva ideologues; mounting of a national programme on cow science; brazen appointments by the government of people ideologically close to the Sangh Parivar as heads of institutions and as members of important decision-making bodies and committees across the education spectrum; the RSS front organisation Vijnana Bharati dictating terms in the functioning of scientific departments and Council of Scientific and Industrial Research (CSIR) laboratories; the move to launch a movement to inculcate (aggressive) "nationalism" through the National Youth Empowerment Scheme (N-YES); and so on.

Unlike these, the current executive proposal has, however, elicited a groundswell of criticism and opposition because it has the potential of adversely affecting a large fraction of the Indian higher educational institutions (HEls) that are under the purview of the UGC- which include about 800 universities and 40,000 colleges-and the future of tens of millions of students who are enrolled in these institutions across the country, and thus subverting the larger constitutional



objectives of ensuring access and equity in India's education system.

The idea of a new regulatory framework in place of the UGC is not new. Reports of various committees at various times have recommended such a makeover-the Kothari Commission (1964-66), the National Education Policy (1986), the Programme of Action (1992), the National Knowledge Commission (2007) and the Yash Pal Committee on Renovation and Rejuventation of Higher Education (2009). The basic objective, particularly of the National Knowledge Commission and the Yash Pal Committee, was to subsume under one overarching structure the multiplicity of area-specific regulatory bodies, such as the All India Council for Technical Education (AlCTE) and the National Council for Teacher Education (NCTE), which had emerged since 1956 when the UGC Act was promulgated and to address rapid changes occurring in education necessitating a multidisciplinary approach to higher learning and research.

While the National Knowledge Commission recommended a body called the Independent Regulatory Authority in Higher Education (IRAHE), the Yash Pal Committee, which, given that Prof. Yash Pal himself had been UGC Chairman during 1986-91, examined all the issues fairly comprehensively and recommended establishing a constitutional body called the National Commission for Higher Education and Research (NCHER) to regulate all areas of higher education (barring agriculture and medicine) and research without compromising on the basic principles of autonomy. The NCHER was meant to be a buffer against political interference and to be democratic and inclusive in its approach to higher education, maintaining minimum standards of education through a regulatory framework and promoting and coordinating education and research across institutions, universities in particular, as articulated in the UGC Act.

**THE HIGHER EDUCATION AND RESEARCH BILL**

A Bill-the Higher Education and Research Bill-too was moved in Parliament for the creation of the NCHER, but some concerns on the proposal expressed by the Parliamentary Standing Committee (which could have been addressed), objections to the idea raised by the UGC and the AlCTE themselves, opposition by university bodies (somewhat misplaced in the opinion of this author), some adverse comments by a few educationists and commentators, and



the fact that the new Bharatiya Janata Party-led government, which was in power by the time the Bill could be voted on, withdrew the Bill in September 2014 saw the end to that proposal. But as against these, the HECI proposed by the present regime is a different animal altogether. There is obvious doublespeak in the draft legislative Bill released by the Ministry; even as it speaks of increased autonomy to universities and other HEls, it seeks to maximise government control over the structure and functions of the HECI.

The Bill in the given form would greatly facilitate direct political interference in the HECl's regulatory functions on HEls and, as a consequence, lead to a furthering of the Hindutva agenda in HEls. Also, the apparent greater autonomy to institutions- "less government, more governance" -that the HECI purports to give HEIs is actually a ruse for a gradual withdrawal of the state from its obligations towards higher education and making it easier than ever before for private players and the corporate sector, with their underlying profit motive, to enter the field of education.

Before we discuss the specifics of the HECI Bill in detail, the extreme callousness of the executive and the government's total disregard for higher education can be gauged from the following, which is indicative of what would be in store once the HECI became a reality. There are 23 Indian Institutes of Technology (IITs), which are all directly under the Ministry of Human Resource Development (MHRD) and are avowedly autonomous. Established in different phases, six of them-at Tirupati, Palakkad, Dharwad, Bhilai, Goa and Jammu-were set up during the last phase in 2015-16. All the IITs are listed as Institutes of National Importance and also as Institutes of Excellence, while two of them, IIT Bombay and IlT Delhi, have made the grade to be selected recently as Institutes of Eminence (Io E), which are (at least on paper) supposed to attract privileged dispensations, including a financial assistance package of Rs.1,000 crore over the next five years, and which will enjoy a far greater degree of autonomy than other IITs.

It is more than two years since the above-mentioned six new IITs were established, but, while the directors for these IITs have been appointed, the government is yet to appoint the Board of Governors for any of them. The Secretary, MHRD, apparently doubles as the Chairman of the "virtual" two-member (including the director) board for each of them. Also, many key



departments of these IITs are without adequate faculty. So, the Ministry has identified older IITs as “mentor IITs” for each of them, and the faculty of the “mentor IITs” are required to double as faculty for such teaching staff-deficient departments. For instance, IIT Delhi is the “mentor IIT” for IIT Jammu, and IIT Hyderabad is the “mentor IIT” for IIT Bhilai. Also, part of the budget for some of these new IITs is reportedly being met from the budget of the respective “mentor IITs” even as the “mentor IITs” themselves are supposed to fend for themselves to meet their plan expenditures.

That is, barring expenditure on salaries and building infrastructure, IITs are expected to meet their budget through internal resource generation (now sanctified by the General Finance Rules of 2017) by, for example, running continuing training centres in specialised professional courses by charging arbitrary high fees or by utilising alumni fund pool or by taking out loans from the newly established Higher Education Financing Agency (HEFA), a joint venture between the MHRD and Canara Bank. The MHRD apparently has been suggesting that IITs should raise up to 40 per cent of the salaries being paid to the staff. What about the students who have come through highly competitive national-level examinations into these hallowed institutions? But who cares?

**DESIGNED TO HAVE CONTROL**

This is indeed ominous because, according to the structure envisaged in the draft Bill, the HECI constitution is highly skewed with the heavy presence of the government in it. This will obviously enable the Ministry to do to universities exactly what it has done to “autonomous” institutions directly under it because the proposed HECI Bill is designed in such a way that there is complete control of the Centre over the Commission. Once the HECI gets established, it will result in gradual erosion of whatever little protection against direct political interference in the affairs of universities that the UGC Act had enabled. In the name of enhancing the autonomy of universities, they, too, would be forced to fend for themselves.

On the need for replacing the UGC, the preamble to the HECI draft Bill merely says the following: “ ... the existing regulatory structure, as reflected by the mandate given to the UGC,



required redefinition based on the changing priorities of higher education .... " As Abha Dev Habib, a professor of physics at Miranda House, a Delhi University college, notes in her critique of the move, this statement comes without any analysis on the mandate and the functioning of the UGC, the needs of "changing priorities" in higher education and why amendments to the existing structure would not have sufficed.

In June 2017, the MHRD proposed a body called the Higher Education Empowerment Regulatory Authority (HEERA) that would replace the UGC and the AICTE. While no documents relating to this proposal are available, the Ministry quickly dropped the idea within two months, in August 2017, and the Minister, Prakash Javadekar, was quoted as saying: "It is better to reinvent the current system [the UGC] which is in place than wait for a new law to come in." Yet in less than a year, on June 27, the Ministry has come up with this move towards disbanding the existing structure and establishing a new entity, the HECI, through legislation. This really shows the complete lack of sincerity in administering this important sector of higher education. At least, earlier proposals such as the NCHER had gone through the exercise of a report prepared by an eminent committee. The following only confirms the complete arbitrariness and mindlessness with which the Ministry seems to function. It is clear that the Ministry has no idea about what it is doing and what is to be done.

According to Abha Dev Habib, on June 10 the department-related Parliamentary Standing Committee invited suggestions on "Issues Relating to Functioning of UGC" and gave 15 days for people to respond. But just two days after the deadline, the Ministry invited suggestions on the proposed HECI draft Bill and gave a deadline of July 7-just 10 days-to respond to such a serious matter as dismantling of the UGC; the deadline was later extended to July 20.

It is clear that the Ministry had already decided to disband the UGC even before the Parliamentary Standing Committee could review public responses, let alone prepare its report, observes Abha Dev Habib. "This drives home the point that we are faced with a government that has no respect for the statutory process of Parliament or feedback given by stakeholders," she wrote in the online news service Newslaundry. "Although this reform' ..... .is being touted as a



